

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

## *Laity Reflect on*
## Syro-Malabar Sunday Mass SCRIPTURE READINGS

7 -ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ഉയിർപ്പ് അഞ്ചാം ഞായർ

2023
മേയ് 7



# കടലിന്റെ നാനാർത്ഥങ്ങൾ

ഏശയ്യ 49:7-13, ശ്ലീഹ 9:1-9, യോഹന്നാൻ 21:1-14

1.

കടൽത്തീരത്താണ് അയാൾ. അയാളെപ്പോലെ പല പേരുകളുള്ള കടൽത്തീരത്ത്! തിബേരിയാസ് ഇപ്പോൾ ശാന്തമാണ്. പക്ഷേ അയാളുടെ ഉള്ളിൽ ഒരു കടൽ അശാന്തമായി ഇരമ്പുന്നുണ്ട്. ഈ കടലാണ് അയാളുടെ വാഴ്വും വിധിയും നിർണ്ണയിച്ചത്. ഈ കടലിന്റെ കനിവും കോപവുമെല്ലാം അയാൾക്ക് കാണാപ്പാഠമാണ്. മൂന്നുവർഷം മുമ്പു വരെ ഈ കടലായിരുന്നല്ലോ അയാളുടെ എല്ലാമെല്ലാം. ഇവിടെ വല വീശിക്കൊണ്ടിരുന്നപ്പോഴാണ് മറ്റൊരു മഹാവലയിൽ അനുജനോടൊപ്പം അയാൾ കുടുങ്ങിയത്! കടൽത്തിരകൾ പോലെ ആർത്തലയ്ക്കുന്ന ഓർമ്മകൾ! അയാൾക്ക് തന്നെ അയാളെ പിടികിട്ടിയിട്ടില്ല. അപ്പോൾ മറ്റുള്ളവരുടെ കാര്യം പറയേണ്ടതില്ലല്ലോ. ആർക്കും പൂരിപ്പിക്കാനാകാത്ത സമസ്യ! ആർക്കും പിടികൊടുക്കാത്ത പ്രഹേളിക! അതാണയാൾ. അസ്തമയങ്ങളിലാണ് അയാൾ കൂടുതൽ ദുർബലനാകുന്നതും അപകടങ്ങളിൽ നിപതിയ്ക്കുന്നതും. കരുതിയിരിക്കേണ്ടത് അസ്തമയങ്ങളെയാണ്. അവ നിങ്ങളെ വഞ്ചിക്കും; വശീകരിക്കും; വിഭ്രമിപ്പിക്കും; ശൂന്യതയും നൈരാശ്യവും കൊണ്ട് നിറയ്ക്കും. വിപത്തിലേക്കും വിലാപത്തിലേക്കും വലിച്ചിഴയ്ക്കും. എതിർവെളിപാടുകളാൽ നിറയ്ക്കും. ഇപ്പോഴെന്നതുപോലെ മുൻപും അസ്തമയങ്ങളിൽ അയാൾക്ക് അയാളെ നഷ്ടപ്പെട്ടിട്ടുണ്ട്. തോട്ടത്തിലെ വാൾപ്രയോഗം ധീരനാണെന്ന് കാണിക്കാനായിരുന്നില്ല. ഭയന്നിട്ടായിരുന്നു! ഗുരുവിനെ രക്ഷിക്കാനുമായിരുന്നില്ല; സ്വയം



സജീവ് പാറേക്കാട്ടിൽ

രക്ഷപ്പെടാൻ വഴി തേടിയതായിരുന്നു. എന്നിട്ടെന്തുണ്ടായി? ചെവി അറ്റുപോയവന് നല്ല ചെവി തിരികെകിട്ടി! അയാളാകട്ടെ ആ വാളിലെ ചോരപ്പാട് ഉണങ്ങും മുമ്പേ ഗുരുവിനെ തള്ളിപ്പറഞ്ഞു. ഒന്നല്ല; മൂന്നുവട്ടം. അതും ഗുരു മുന്നറിയിപ്പ് നൽകിയിരുന്നിട്ടു പോലും! അതാണ് അയാൾ! ഭാഗ്യവാൻ എന്ന് പ്രശംസിക്കപ്പെട്ട ശേഷം സാത്താനേ എന്നു വിളിപ്പിക്കും! പാദം കഴുകരുത് എന്ന് വാശി പിടിച്ചതിനുശേഷം കരങ്ങളും ശിരസ്സും കൂടി കഴുകാൻ പറയും! 'ഞങ്ങൾ ആരുടെ അടുത്തേക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്' എന്ന് പ്രഖ്യാപിച്ച ശേഷം 'ഇതാ, ഞങ്ങൾ എല്ലാം ഉപേക്ഷിച്ച് നിന്നെ അനുഗമിച്ചിരിക്കുന്നു. ഞങ്ങൾക്കെന്താണു ലഭിക്കുക? എന്നു ചോദിക്കും! 'നീയാണു ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു' എന്ന് ഏറ്റുപറഞ്ഞതിനുശേഷവും 'ഞാൻ ആ മനുഷ്യനെ അറിയുകയില്ല' എന്നു പറഞ്ഞ് ശപിക്കുകയും ആണയിടുകയും ചെയ്യും! അയാളെ അവന് കൂടുതൽ ഇഷ്ടപ്പെടാൻ ഇത്രയൊക്കെ ധാരാളമായിരുന്നു! ആ ഇഷ്ടമാണ് ഒടുവിൽ ഒരേ ചോദ്യം മൂന്നുവട്ടം ആവർത്തിച്ച് അയാൾക്ക് നടത്തിയ ഒരു വാചാപരീക്ഷയിലൂടെ അവൻ തെളിയിച്ചത്. അയാൾ തന്നെ കേപ്പ! അയാൾ തന്നെ പാറ! അയാളിൽ ത്തന്നെ സഭ! താക്കോലുകളെല്ലാം നിത്യമായി അയാൾക്ക് സ്വന്തം!

2.

അവന്റെ വലയിൽ കുടുങ്ങിയ അന്ന് ഉപേക്ഷിച്ചതാണ് വള്ളവും വലയും. പിന്നെ ഊണും ഉറക്കവും ഊരുചുറ്റലുമെല്ലാം അവന്റെ കൂടെത്തന്നെയായിരുന്നു. ദേവാലയങ്ങളിലും സിനഗോഗുകളിലും കടൽത്തീരങ്ങളിലും മലമുകളിലും വിരുന്നുശാലകളിലുമൊക്കെയായി നിലയ്ക്കാത്ത സഞ്ചാരം. അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും ദൈവരാജ്യം വിടർന്നു പുഷ്പിക്കുകയായിരുന്നു. നിലവിളിയോടെ ഓടിമറയുന്ന പിശാചുക്കൾ. രോഗസൗഖ്യം നേടിയവരുടെ ഹർഷബാഷ്പങ്ങൾ. ഉയർത്തെണീറ്റ മരിച്ചവർ ആർത്തിയോടെ ഭക്ഷണം കഴിക്കുന്ന അസുലഭ ദൃശ്യങ്ങൾ! കോപത്താൽ ജ്വലിക്കുന്ന യഹൂദ പ്രമാണികളുടെ കണ്ണുകൾ. മലയിലെ മഹത്വീകരണം; തുറക്കപ്പെട്ട സ്വർഗം; ഒടുവിൽ വേദന നിറഞ്ഞ മരണം; ഒഴിഞ്ഞ കല്ലറയിലെ കച്ച.. എല്ലാത്തിനും അയാൾ നേർസാക്ഷിയാണ്. എന്നിട്ടും ഈ തീരത്തെവിടെയോ പണ്ട് ഉപേക്ഷിച്ച വള്ളവും വലയും തേടുകയാണ് അയാൾ. ഈ പിൻവിളി കടലിന്റേയോ അതോ സ്വന്തം ചപലതകളുടെയോ ?

മനുഷ്യബന്ധനം ഏതായാലും അനിശ്ചിതത്വത്തിലായി. എങ്കിൽ പഴയ മത്സ്യബന്ധനത്തിലേക്ക് മടങ്ങാം എന്ന സാമാന്യ യുക്തിയാണോ? അറിയില്ല. സ്വന്തം ബലഹീനതകളെയൊഴികെ മറ്റെന്തിനെയെങ്കിലും ബന്ധിക്കാതെ മനുഷ്യൻ എങ്ങനെ ജീവിക്കുമല്ലേ? 'ഞാൻ മീൻ പിടിക്കാൻ പോകുകയാണ്' എന്ന നാലു വാക്കുകളുടെ നൈരാശ്യത്തിലും നഷ്ടബോധത്തിലും പിടിച്ചു തൂങ്ങാൻ വേറെ ആറു മനുഷ്യർ കൂടിയുണ്ടായിരുന്നു. ദിദിമോസ് എന്ന തോമസ് അടക്കം! 'ഞങ്ങളും നിന്നോടുകൂടെ വരുന്നു' എന്ന് ആ അനർത്ഥത്തിന് അവരും ഐക്യദാർഢ്യമേകി. എല്ലാവരും ഒന്നിനൊന്ന് മികച്ചവർ തന്നെ! പക്ഷേ പറഞ്ഞ പണി ചെയ്യാത്ത പഴയ പ്രഗല്ഭർക്ക് മത്സ്യങ്ങൾ കാത്തുവച്ചത് ഒരു രാത്രിയുടെ പാഴ്വേലയാണ്! ഈ രാത്രിക്കാണെങ്കിൽ വല്ലാത്ത ദൈർഘ്യവുമാണ്!

3.

ഒടുവിൽ ഇതാ ഉഷസ്സായിരിക്കുന്നു! ഉഷസ്സിനു വഴിമാറാത്ത ഒരു ഘോരരാത്രിയുമില്ല. പുലരിയുടെ പ്രഭയേറ്റ് പിൻമാറാത്ത നിബിഡാന്ധകാരവുമില്ല. സങ്കടരാത്രിക്കപ്പുറം ഇതാ സമാശ്വാസത്തിന്റെ പുലരി വന്നണഞ്ഞിരിക്കുന്നു. അസ്തമയങ്ങളെയും രാത്രികളെയുമല്ല, പുലരികളെയാണ് പ്രണയിക്കാനാകേണ്ടത്. പ്രത്യാശയുടെ പുലരികൾ; ബോധജ്ഞാനോദയത്തിന്റെ പുലരികൾ; പുതിയ സ്നേഹത്തിന്റെ പുലരികൾ, അവയെ പ്രണയിക്കാനായാൽ തന്നെ പാതി ജയിച്ചു. വ്യർത്ഥത നിറഞ്ഞ ജീവിതസാഗരത്തിന്റെ മറുകരയിൽ ഇതാ ഒരാൾ കാത്തുനിൽക്കുന്നു. 'കുഞ്ഞുങ്ങളെ' എന്ന ഒരു നനുത്ത വിളിയുടെ വശ്യത! ആരാണത്? അമ്മയോ അതോ ദൈവമോ? അതോ അമ്മദൈവമോ?! കുറ്റപ്പെടുത്തലുകളില്ല; പരാതികളും പരിഭവങ്ങളുമില്ല.

മറവി മനുഷ്യന്റെ മാത്രം കുത്തകയല്ല. അവനോളം മറവിയുള്ള മറ്റാരുമുണ്ടാകില്ല. ഉത്ഥിതനെ രണ്ടുവട്ടം കണ്ടത് അവർ മറന്നതുപോലെ അവരെ കണ്ടത് അവനും മറന്നുപോയിരിക്കുന്നു! അതുകൊണ്ടാണ് ഈ ഉഷസ്സിൽ തീരത്ത് വിരുന്നൊരുക്കി കടലിലേക്ക് കണ്ണുനട്ട് അവൻ കാത്തുനിൽക്കുന്നത്. അവനാണ് ആവശ്യക്കാരൻ. ദൈവരാജ്യം അവന്റെ ആവശ്യമാണ്. മനുഷ്യരെ പിടിക്കേണ്ടത് അവന്റെ ആവശ്യമാണ്. അപ്പമായ് ഉള്ളിലണയേണ്ടത് അവന്റെ ആവശ്യമാണ്. ഔപചാരികതകളും ഔചിത്യങ്ങളും അവൻ നോക്കുന്നില്ല. മടുത്തു പിൻമാറാൻ അവൻ മനുഷ്യനല്ല; പിന്തുടർന്ന് സ്നേഹിക്കുകയും സ്നേഹിച്ച് പിന്തുടരുകയും ചെയ്യുന്ന ദൈവമാണ്! തോറ്റുകൊടുത്ത് ജയിപ്പിക്കുന്നതാണ് തോൽപിച്ച് ജയിക്കുന്നതിനെക്കാൾ നല്ലതെന്ന് അവന് നന്നായറിയാമായിരുന്നു. മുറിവേൽക്കുന്ന ഒട്ടേറെ ചോദ്യങ്ങൾക്ക് പഴുതുണ്ടായിരുന്നിട്ടും 'മീൻ വല്ലതുമുണ്ടോ?' എന്ന ചോദ്യമുയർന്നതിന്റെ കാരണമതാണ്. 'ഇല്ല ' എന്നതാണ് ഉത്തരമെന്ന് ചോദിക്കുന്നതിനു മുമ്പേ അവനറി

യാമായിരുന്നു. വിശ്വാസത്തിന്റെ അനുസരണത്തിന് ചാകരയുടെ അത്ഭുതമൊരുക്കി വലത്തുവശം കാത്തിരുന്നത് അമ്പരപ്പോടെ അയാളും കൂട്ടുകാരും തിരിച്ചറിഞ്ഞു.

4.

കാഴ്ച മങ്ങാനും മറയാനും കാരണങ്ങൾ ഒട്ടേറെയുണ്ടാകും. എന്നാൽ കണ്ണുനീരാണ് കാരണ മെങ്കിൽ അതീവജാഗ്രത വേണം. അവിശ്വാസമാണെങ്കിലോ നിങ്ങൾ ഒരു പതനത്തിന്റെ വക്കിലാണ്. അപ്പോഴാണ് 'അതു കർത്താവാണ് 'എന്നു ചൊല്ലിത്തരുന്ന ഒരാൾ നിങ്ങളുടെ വാഴ്വിനെ നിർണ്ണയി ക്കുന്നത്. രണ്ടിലൊരു കൃപയേ ആവശ്യമുള്ളു. ഒന്നുകിൽ ഏതു കൂരിരുട്ടിലും വിട്ടുപിരിയാത്ത ആ തിരുസാന്നിധ്യത്തെ തെളിമയോടെ കാണാനുള്ള അകക്കാഴ്ച. അല്ലെങ്കിൽ 'അതു കർത്താവാണ് ' എന്ന് മന്ത്രിക്കുന്ന മറ്റൊരാളുടെ സാന്നിധ്യം. ഇരുൾ ഒഴിഞ്ഞാലും ഇല്ലെങ്കിലും മുന്നോട്ടുപോകാൻ അതു മതിയാകും. ആ ശിഷ്യനു മായി അയാൾ മത്സരിച്ചിരുന്നില്ല. പ്രായക്കൂടുതൽ കൊണ്ടല്ല! ഗുരുവിന്റെ വക്ഷസ്സിലെ ഇരിപ്പിടം സവിശേഷമായ ഒരു സ്നേഹബന്ധമാണെന്ന് അയാൾക്ക റിയാമായിരുന്നു. അതു കർത്താ വാണ് എന്ന് കേട്ടമാത്രയിൽ ആദിമാതാപിതാക്കളെ ആവരണം ചെയ്ത അതേ ലജ്ജ അയാളെ പൊതിഞ്ഞു! 'നീ നഗ്നനാണെന്ന് നിന്നോട് ആരു പറഞ്ഞു?' എന്നൊരു ചോദ്യം ചക്രവാളങ്ങളിൽ ഉയർന്നത് പുറങ്കുപ്പായത്തിലൊളിച്ച് കടലിലേക്ക് ചാടുന്നതിനിടെ അയാൾ കേട്ടില്ല. അനുതാപത്തിന്റ കടലിലൂടെ ആയാസപ്പെട്ട് തുഴഞ്ഞ് സ്നാനം ചെയ്യുക; വീണ്ടും പുതുതായി പിറക്കുക; ഹൃദയ നൈർമല്യത്തോടെ ആനന്ദത്തിന്റെ തീരമണയുക — അവിശ്വസ്തതയുടെ



അപരാധങ്ങൾക്ക് അയാൾ സ്വയം വിധിച്ച ശിക്ഷ അതാണ്. നീന്തിക്ക യറിയപ്പോഴാണ് ശരിക്കും അമ്പരന്നത്. അടുപ്പ്, മീൻ, അപ്പം! 'നിങ്ങൾ ഇപ്പോൾ പിടിച്ച മത്സ്യത്തിൽ കുറെ കൊണ്ടുവരുവിൻ 'എന്ന വാക്കുകൾ അയാൾക്ക് ദൗത്യബോധമായി. അന്നുമിന്നും അയാളുടെ വല കീറില്ലെന്നത് അവന്റെ വാക്കാണ്. 'വന്നു പ്രാതൽ കഴിക്കുവിൻ' എന്ന അവന്റെ സ്നേഹക്ഷണത്തിൽ അവർ സ്വയം മറന്നു. നീ ആരാണ് എന്ന് ആർക്കും അവനോട് ചോദിക്കേണ്ടിവന്നില്ല. നീ അവൻ തന്നെയാണ് ! അവൻ നീ തന്നെയാണ്! 'ഞാൻ തന്നെ യാണ് അവൻ' എന്ന് മുൻപൊരി ക്കൽ അവൻ തന്നെയും പറഞ്ഞിട്ടു ണ്ടല്ലോ! അവനു മാത്രമേ തങ്ങൾ കൊടുത്ത കയ്പേറിയ വിഭവങ്ങളെ ഇത്രമേൽ മധുരിക്കുന്ന വിരുന്നാക്കി മാറ്റാനാകൂ. അവനു മാത്രമേ അവിശ്വസ്തതയും വഞ്ചനയും ഉപേക്ഷയുമൊക്കെ തിരികെ ലഭിക്കുമെന്നറിഞ്ഞിട്ടും ഇതുപോലെ നിത്യനിർമ്മലമായ സ്നേഹത്തിന്റെ ഉഷസ്സുകളൊരുക്കി കാത്തിരിക്കാനാകൂ. അവനു മാത്രമേ ഇതുപോലെ അപ്പമെടുത്ത് അലിവോടെ മുറിച്ചു നൽകാനാവൂ.

5.

അവൻ കൊടുത്ത അപ്പവും മീനും കഴിക്കവെ ഒരു നിലവിളി അയാളുടെ ഉള്ളിൽ നിറഞ്ഞു. അന്തരാളത്തിൽ നിന്ന് ഉയർന്ന് അയാളെയും കടന്ന് അത് തിബേരി യാസിലേക്കും ചക്രവാളങ്ങളി ലേക്കും പടർന്നു. ജ്വരമേറ്റവനെ പ്പോലെ അയാൾ വിറച്ചു. കടലും ആകാശവുമൊക്കെ തന്നോടൊപ്പം മൗനമായി നിലവിളിക്കുന്നതായി അയാൾക്ക് തോന്നി. 'ഹേയ്! കടൽക്കിഴവാ; നീ ഇതുവരെ കണ്ടതൊന്നുമല്ല കടൽ' എന്ന് ആരോ ഉള്ളിലിരുന്ന് പരിഹസി ക്കുന്നത് അയാൾ കേട്ടു. കടലിന്റെ നാനാർത്ഥങ്ങൾ വെളിപാട് പോലെ അയാളുടെ ഉള്ളിൽ തെളിഞ്ഞു. ഈ പ്രപഞ്ചത്തിൽ ഒരേയൊരു മനുഷ്യനേയുള്ളൂ എന്നവണ്ണം ഓരോ മനുഷ്യനെയും സ്നേഹി ക്കുന്ന ക്രിസ്തു സപ്തസാഗര ങ്ങളെയും വെല്ലുന്ന സ്നേഹ സാഗരമല്ലേ? യുഗാന്തം വരെ കൂടെയുണ്ടാകാനായി സ്വന്തം ഹൃദയത്തുണ്ടുകൾ മുറിച്ച് അവൻ വിളമ്പുന്ന ദിവ്യകാരുണ്യം മറ്റൊരു കടലല്ലേ? പ്രപഞ്ചത്തിലെ സകല മനുഷ്യരും കുടുങ്ങിയാലും കീറാത്ത വലയായ തിരുസഭ മറ്റൊരു പെരുങ്കടലല്ലേ? സർവ്വരും ഒടുവിൽ ഒഴുകിയെത്തുന്ന നിത്യത മറ്റൊരു മഹാസാഗരമല്ലേ? പാതി കഴിച്ച അപ്പവും മീനുമായി പ്രജ്ഞ യറ്റിരുന്ന അയാളെ ഉണർത്തിയത് ഒരു ശബ്ദമാണ് : 'യോഹന്നാന്റെ പുത്രനായ ശിമയോനെ, നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ?' അയാൾ പറഞ്ഞു: 'ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ.'

'എന്റെ ആടുകളെ മേയിക്കുക.'

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com